# ഇടവക മിഷൻ - ബൈബിൾ ക്വിസ്സ് 03/2019

## വിശുദ്ധ ലൂക്കോസ്  എഴുതിയ സുവിശേഷം

**നിർദേശങ്ങൾ**

(i) മലയാളം **പഴയ പതിപ്പിൽ** നിന്നുള്ള പദങ്ങൾ  ഉപയോഗിക്കുക

(ii) ഉത്തരങ്ങൾ **വി. ലൂക്കോസിന്റെ** സുവിശേഷത്തെ **മാത്രം** ആസ്പദമാക്കി എഴുതുക

(iii) ദയവായി ഉത്തരങ്ങൾ **സംക്ഷിപ്ത രൂപത്തിൽ** എഴുതുക.

(iv) ഉത്തരങ്ങൾ ലെറ്റർ സൈസ് പേപ്പറിൽ എഴുതുകയോ ടൈപ്പ് ചെയ്യുകയോ ആകാം. അതിൽ നിങ്ങളുടെ പൂർണമായ **പേരും ടെലിഫോൺ നമ്പറും** ഉണ്ടായിരിക്കണം

(v) ഉത്തരങ്ങൾ  **2019, ജൂൺ  30**നോ അതിനു മുൻപായോ വികാരി സുനിൽ മാത്യു അച്ചന്റെ പക്കലോ സെക്രട്ടറി അലക്സാണ്ടർ ഫിലിപ്പിന്റെ പക്കലോ ഏല്പിക്കാവുന്നതാണ്. അല്ലെങ്കിൽ edavakamissionsecretary@marthoma.ca  എന്ന ഇമെയിൽ അഡ്രസ്സിൽ അയക്കുക

(vi) ദ കനേഡിയൻ മാർ തോമ ചർച്ചിലെ (ചോദ്യ കർത്താവിന്റെ കുടുംബാങ്ങങ്ങളൊഴികെയുള്ള ) എല്ലാ അംഗങ്ങൾക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്

(vii) അന്തിമ തീരുമാനം **വികാരി അച്ചൻറെ** അഭിപ്രായമാനുസരിച്ചായിരിക്കും

1) സുവിശേഷം ചമെപ്പാൻ   ലൂക്കോസ് വിവരങ്ങൾ ശേഖരിച്ചത് എങ്ങനെ?

2) ലൂക്കോസ് സുവിശേഷം എഴുതാൻ കാരണമായി പറഞ്ഞിരിക്കുന്നതെന്താണ് ?

3) ഏതു കൂറിൻറെ ക്രമപ്രകാരമാണ് സെഖര്യാവ് പുരോഹിത ശുശ്രൂഷ ചെയ്തത്?

4) സെഖര്യാവ് ഭ്രമിച്ചു ഭയ പരവശനായത്, (ഏറ്റവും ശരിയായത് തെരഞ്ഞെടുക്കുക)

A)ഹെരോദാവ് അവനെ കൊല്ലാൻ ശ്രമിച്ചതുകൊണ്ടു

B)അവനു ഒരു ദർശനം ഉണ്ടായതുകൊണ്ട്

C)കർത്താവിന്റെ ദൂതൻ ധൂപപീഠത്തിനടുത്തു പ്രത്യക്ഷനായത് കണ്ടതുകൊണ്ടു

D)ധൂപപീഠത്തിൽ ശുശ്രൂഷ ചെയ്യാനുള്ള നറുക്കു അവനു വീണതുകൊണ്ടു

5) സെഖര്യാവ് ഊമനാകാൻ കാരണമെന്ത്? എത്ര  നാൾ ഊമനായിരുന്നു?

6) മറിയ സന്ദർശിച്ചപ്പോൾ എലിസബത്ത് എത്ര മാസം ഗർഭിണി ആയിരുന്നു?

7) ഗബ്രിയേൽ മാലാഖ മറിയയോട് യേശുവിനെപ്പറ്റി പല നിർദേശങ്ങൾ  നൽകുന്നുണ്ട്. ഏതെങ്കിലും **അഞ്ചു** നിർദേശങ്ങൾ  എഴുതുക.

8) എലീശബെത്ത്  പ്രസവിച്ച മകന് അയൽക്കാർ നിർദേശിച്ച പേര് എന്താണ്? അതിൽനിന്നു വ്യത്യസ്തമായി പേരിടാൻ എന്താണ് കാരണം?

9) ആരാണ്  പറഞ്ഞത്, "ഈ പൈതൽ എന്താകും"? ആരെക്കുറിച്ചാണ് ഇത് പറഞ്ഞത്?

10) സംഭവിച്ച ക്രമമനുസരിച്ചു എഴുതുക:

A)സെഖര്യാവ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി

B)എലീശബെത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി

C)എലീശബെത്ത് യോഹന്നാനെ പ്രസവിച്ചു

D)മറിയ എലീശബെത്തിന്റെ ഭവനത്തിൽ നിന്നും  സ്വന്ത ഭവനത്തിലേക്ക് തിരികെ പോയി

E)സെഖര്യാവിന്റെ വായും നാവും തുറന്നു

11) ലൂക്കോസിൽ പറഞ്ഞിരിക്കുന്ന പ്രകാരം യേശുക്രിസ്തുവിന്റെ ജനനത്തെപ്പറ്റി ശരിയായതെല്ലാം താഴെയുള്ളതിൽ നിന്നും തെരഞ്ഞെടുക്കുക (തെറ്റിയാൽ നെഗറ്റീവ് പോയിൻറ് ഉണ്ടായിരിക്കും)

A) ചാർത്തപ്പെടേണ്ടതിനു എല്ലാ യഹൂദന്മാരും ബെത്‌ലഹേമിൽ എത്തണമെന്ന് ചക്രവർത്തി കല്പന പുറപ്പെടുവിച്ചു

B) കുറേന്യോസ് ആണ് സുറിയ നാട് വാണിരുന്നതു

C) ജോസഫും മറിയയും ചാർത്തപ്പെടേണ്ടതിനു ബെത്‌ലഹേമിൽ പോയി

D) മറിയ പശുത്തൊട്ടിയിൽ ഒരു കുഞ്ഞിന് ജന്മം നൽകി

E) മറിയ കുഞ്ഞിനെ പശുത്തൊട്ടിയിൽ കിടത്തി

F) കർത്താവിൻറെ ഒരു ദൂതൻ യേശുവിൻറെ ജനന വാർത്ത വെളിയിൽ പാർത്തിരുന്ന ആട്ടിടയന്മാരെ അറിയിച്ചു

12) ന്യായപ്രമാണപ്രകാരം ശുദ്ധീകരണത്തിനു ദേവാലയത്തിൽ കൊണ്ടുപോയ യേശുവിനെ സന്ദർശിച്ച രണ്ടു സവിശേഷ വ്യക്തികൾ ആരെല്ലാം?

13) യേശുവിൻറെ അമ്മയപ്പന്മാർ ഏതു പെരുന്നാളിൽ സംബന്ധിക്കുന്നതിനാണ് ആണ്ടുതോറും യെരുശലേമിൽ പോയിരുന്നത്?

14) എത്ര ദിവസത്തിന് ശേഷമാണ് കാണാതെ പോയ ബാലനായ യേശുവിനെ തിരികെ ദേവാലയത്തിൽ കണ്ടു പിടിച്ചത്?

15) സെഖര്യാവിൻറെ മകനായ യോഹന്നാന് ദൈവത്തിന്റെ അരുളപ്പാടു ഉണ്ടായത് ഏതു കാലത്താണ്?

16) മാനസാന്തരം സ്നാനം പ്രസംഗിച്ച യോഹന്നാൻറെ ഉപദേശങ്ങളിലും പ്രസംഗങ്ങളിലും ഉൾപ്പെട്ട ശരിയായതെല്ലാം തെരഞ്ഞെടുക്കുക. (തെറ്റിയാൽ നെഗറ്റീവ് പോയിൻറ് ഉണ്ടായിരിക്കും)

A) മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കുക

B) അബ്രഹാമിന് കല്ലിൽനിന്നു ഉളവാക്കിയ ധാരാളം മക്കളുണ്ട്

C) രണ്ടു വസ്ത്രമുള്ളവൻ ഒരെണ്ണം ഇല്ലാത്തവന് കൊടുക്കുക

D) പടജ്ജനമേ നിങ്ങളുടെ ശമ്പളം മതി എന്ന് വെപ്പിൻ

E) എന്നിലും ബലമേറിയവൻ വരുന്നു; അവൻ പരിശുദ്ധാത്മാവ് കൊണ്ടും തീ കൊണ്ടും സ്നാനം കഴിപ്പിക്കും

F) ചുങ്കക്കാർ കല്പിച്ചതിൽ അധികം ഒന്നും പിരിക്കരുത്

17) യോഹന്നാനെ തുറുങ്കിൽ അടയ്ക്കാൻ കാരണം എന്ത്?

18) യേശുക്രിസ്തുവിൻറെ വംശ പാരമ്പര്യത്തിലുൾപ്പെട്ട താഴെ പറയുന്ന വ്യക്തികൾ ആരെല്ലാം?

A) ദാവീദിന്റെ മകൻ B) തേരഹിന്റെ പിതാവ് C)യാക്കോബിന്റെ പേരക്കുട്ടി

19) യേശുവിനെ പരീക്ഷിക്കാൻ പിശാച് തെരഞ്ഞെടുത്ത വേദ വാക്യമേത്?

20) ശരിയായ ഒരെണ്ണം തെരഞ്ഞെടുക്കുക. യേശു ഉപദേശം തുടങ്ങിയത് ;

A) അവൻറെ സ്വന്തം ഭവനത്തിൽ B) ഗലീല കടൽക്കരയിൽ

C) യെരുശലേം ദേവാലയത്തിൽ D)ഒരു സിനഗോഗിൽ

21) യേശു പറഞ്ഞു, "ഇതിനായിട്ടല്ലോ എന്നെ അയച്ചിരിക്കുന്നത്" ഏതിനായിട്ടു?

22) യേശുവിനുണ്ടായ മൂന്നു പരീക്ഷകൾ **ഓരോ വാക്യങ്ങളിൽ** എഴുതുക.

23) യേശു സിനഗോഗിൽ വച്ച് ജനങ്ങളോട്, "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കൽ ഈ തിരുവെഴുത്തിനു നിവൃത്തി വന്നിരിക്കുന്നു". നിവൃത്തി വരേണ്ട തിരുവെഴുത്തുകൾ എന്തൊക്കെ?

24) ഗെന്നസരെത്ത്  തടാകത്തിൽ നിന്നുള്ള വലിയ മീൻ പിടിത്തം കണ്ട പത്രോസ്, യേശുവിനോടു അപേക്ഷിച്ചത്  എന്താണ്?

25) ശബത്തിൽ യേശു ചെയ്ത **ഒരു** അടയാളം എഴുതുക (സംഭവവും റഫറൻസും)

26) താഴെ കൊടുത്തിരിക്കുന്ന യേശുവിൻറെ ഉപദേശങ്ങൾ പൂരിപ്പിക്കുക

1 -  നിങ്ങളുടെ ശത്രുക്കളെ ____________________  2 -  നിങ്ങളെ പകക്കുന്നവർക്കു ______________

3 -  നിങ്ങളെ ശപിക്കുന്നവരെ ________________  4 -  നിങ്ങളെ ദുഷിക്കുന്നവരെ  ______________

5 - നിന്നെ ഒരു ചെകിട്ടത്തു അടിക്കുന്നവന് ______________________________________

6 -  നിൻറെ പുതപ്പു എടുത്തു കളയുന്നവന് ______________________________________

7 - ______________________________________________  വായ് പ്രസ്താവിക്കുന്നത്

27) ആരെക്കുറിച്ചാണ് യേശു പറഞ്ഞത്, "യിസ്രായേലിൽ കൂടെ  ഇങ്ങനെയുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല" ?

28) യോഹന്നാൻ സ്നാപകനെപ്പറ്റി യേശു പ്രസ്താവിച്ച രണ്ടു വസ്തുതകൾ എഴുതുക

29) തന്നോട് കൂടെ യേശുവിനെ ഭക്ഷണത്തിനു ക്ഷണിച്ച പരീശൻ ആര് ? അവിടെ ക്ഷണിക്കപ്പെടാതെ യേശുവിനെ സന്ദർശിച്ചതാര്?

30) യായീറോസിന്റെ ഭവനത്തിലേക്കുള്ള വഴി മദ്ധ്യേ യേശുവിനെ തൊട്ടതാര്? യേശു അതെങ്ങനെ മനസ്സിലാക്കി?

31) "ആരെങ്കിലും രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എൻറെ നിമിത്തം കളഞ്ഞാലോ അതിനെ രക്ഷിക്കും." ഇവിടെ എന്തിനെപ്പറ്റിയാണ് യേശു സംസാരിക്കുന്നതു?

32) ഏതവസരത്തിലാണ് യാക്കോബും യോഹന്നാനും പറഞ്ഞത്, "കർത്താവേ ആകാശത്തു നിന്ന് തീ ഇറങ്ങി അവരെ നശിപ്പിപ്പാൻ നിനക്ക് സമ്മതമോ"?

33) സ്വർഗ്ഗരാജ്യത്തിനു യോഗ്യരല്ലാത്തതു ആരാണ്?

34) ദൈവരാജ്യം പ്രസംഗിക്കാൻ യേശു ശിഷ്യന്മാരെ രണ്ടവസരത്തിൽ അയച്ചു. ഓരോ പ്രാവശ്യവും അയച്ച ശിഷ്യന്മാരുടെ എണ്ണം എത്ര?

35) "ഈ തലമുറ ദോഷം ഉള്ള തലമുറയാകുന്നു. അത് അടയാളം തിരയുന്നു  . .." ഏതു അടയാളമാണ് അവർക്കു ലഭിക്കുന്നത്?

36) “ഇവിടെ ഇതാ ശലോമോനിലും വലിയവൻ.” “ ഇവിടെ ഇതാ യോനായിലും വലിയവൻ.”  ആരായിരിക്കും ശലോമോനിലും യോനായിലും വലിയവൻ?

37) ന്യായ ശാസ്ത്രിമാരെ നിങ്ങൾക്ക് അയ്യോ കഷ്ടം എന്ന് യേശു പറയാൻ കാരണം എന്താണ്?

38) ആരെ ഭയപ്പെടണം എന്നാണ് യേശു നമുക്ക് മുന്നറിയിപ്പ് നൽകുന്നത്?

39) ധനവാൻ തന്നോട് തന്നെ പറഞ്ഞു, "തിന്നുക കുടിക്കുക ആനന്ദിക്കുക." അവന്റെ അവസാനം എങ്ങനെ ആയിരിക്കും? ഈ ധനവാന്റെ കഥയിലൂടെ യേശു എന്താണ് പഠിപ്പിക്കാൻ ശ്രമിക്കുന്നത്?

40) ലൂക്കോസിൻറെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മൂന്നു പക്ഷികളുടെ പേരെഴുതുക.

41) ഗലീലക്കാരുടെ ചോര യാഗത്തിൽ കലർത്തിയതാര്?

42) ശിലോഹമിലെ ഗോപുരം വീണു എത്ര പേരാണ് മരിച്ചത്?

43) വിരുന്നു കഴിക്കുമ്പോൾ, സമ്പത്തുള്ള അയൽക്കാരെയും ചാർച്ചക്കാരെയും വിളിക്കാതെ ദരിദ്രന്മാർ, അംഗഹീനന്മാർ, മുടന്തന്മാർ, കുരുടന്മാർ എന്നിവരെ ക്ഷണിക്ക എന്ന് യേശു പറയാൻ കാരണം- (ശരിയായ ഒരെണ്ണം തെരഞ്ഞെടുക്കുക)

A) സമ്പത്തുള്ളവർ നിങ്ങളെ ന്യായാസനത്തിൽ കൊണ്ട് പോകും

B) നീതിമാന്മാരുടെ പുനരുദ്ധാനത്തിൽ പ്രത്യുപകാരമുണ്ടാകേണ്ടതിനു

C) സമ്പത്തുള്ള അയൽക്കാരും ചാർച്ചക്കാരും പറഞ്ഞ സമയത്തു എത്തിച്ചേരുകയില്ല

D) ദരിദ്രന്മാരും അംഗഹീനന്മാരും മുടന്തന്മാരും കുരുടന്മാരും മുഖ്യാസനങ്ങളിൽ ഇരിക്കയില്ലാത്തതുകൊണ്ടു

44) നഷ്ടപ്പെട്ടു പോയതിനെ വീണ്ടെടുക്കുമ്പോൾ ദൈവം സന്തോഷിക്കുന്നു. ഈ പ്രസ്താവന ശരിവയ്ക്കുന്ന മൂന്നു ഉപമകൾ ഏതെല്ലാം. ചുരുക്കത്തിൽ പ്രസ്താവിക്കുക.

45) നഷ്ടപ്പെട്ട മകൻറെ ഉപമയിൽ ഇളയ മകൻ, മൂത്ത മകൻ, പിതാവ് എന്നിവരെ ഏറ്റവും നന്നായി എങ്ങനെ ഉപമിക്കാം?

A) പാപി, വിശ്വാസി, സഭ　　B) പാപി, സഭ, ദൈവം

C) വിശ്വാസി, സഭ, ദൈവം　　D) സഭ, ദൂദന്മാർ, ദൈവം

46) യോഹന്നാൻ സ്നാപകൻ വരെയുള്ള യഹൂദ മത വ്യവസ്ഥിതി എങ്ങനെ ആയിരുന്നു? അതിനു ശേഷം എന്ത് വ്യത്യാസം വന്നു?

47) ധനികൻറെയും ലാസറിൻറെയും ഉപമയിൽ നിന്നും നമുക്ക് എന്തൊക്കെ മനസ്സിലാക്കാം? ശരിയയായതെല്ലാം തിരഞ്ഞെടുക്കുക. (തെറ്റിയാൽ നെഗറ്റീവ് പോയിൻറ് ഉണ്ടായിരിക്കും)

A) സ്വർഗ്ഗവും നരകവും യാഥാർത്ഥമാണ്

B)ധനവാന്മാർ നരകത്തിലേക്കും ദരിദ്രന്മാർ സ്വർഗ്ഗത്തിലേക്കും പോകും

C) പൂർവ്വപിതാക്കന്മാരെല്ലാം സ്വർഗത്തിലാണ്

D) മോശയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാത്തവർ മരിച്ചവരിൽനിന്നും ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല

E) ഈ ജീവിതത്തിൽ കഷ്ടം അനുഭവിക്കുന്നവർ മാത്രമേ സ്വർഗത്തിൽ പോകയുള്ളു

F) നരകത്തിൽനിന്നു സ്വർഗ്ഗത്തിലേക്കും തിരികെയും പ്രവേശനം അസാധ്യമാണ്

48) കാട്ടത്തിയോട് വേരോടെ പറിഞ്ഞു കടലിൽ നാട്ടുപോക എന്ന് പറഞ്ഞാൽ അനുസരിക്കാൻ എത്രത്തോളം വിശ്വാസം നമുക്കുണ്ടായിരിക്കണം?

49) ഒരു അന്യജാതിക്കാരനല്ലാതെ ദൈവത്തിനു മഹത്വം കൊടുപ്പാൻ മടങ്ങിവന്നവരായി ആരെയും കാണുന്നില്ലല്ലോ എന്ന് യേശു പറഞ്ഞത് ഏതവസരത്തിലാണ്?

50) നോഹയുടെ കാലത്തും ലോത്തിൻറെ കാലത്തും സംഭവിച്ചതുപോലെ ഇനി എപ്പോൾ ഉണ്ടാകും എന്നാണു യേശു അരുളിച്ചെയ്തതു?

51) ഒരു ന്യായാധിപൻറെ യും ഒരു വിധവയുടെയും ഉപമയിലൂടെ യേശു എന്താണ് പഠിപ്പിക്കുന്നത്?

52) "ഇതാ ഞങ്ങൾ സ്വന്തമായത് വിട്ടു നിന്നെ അനുഗമിച്ചിരുന്നു" ആര് പറഞ്ഞു?

53) യേശു എന്തിനെ നോക്കിയാണ് കരഞ്ഞത്?

54) മൂലക്കല്ലായി തീർന്നതെന്താണ്?

55) ചരിത്രം ക്രമമായി എഴുതുന്നു എന്നാണു ലൂക്കോസ് അവകാശപ്പെടുന്നത്. താഴെ പറയുന്ന വസ്തുതകൾ യേശുവിന്റെ യെരുശലേമിലേക്കുള്ള അവസാന യാത്രയുമായി ബന്ധപ്പെട്ടതാണ്. അതിനെ ക്രമം അനുസരിച്ചു എഴുതുക.

A)ശാസ്ത്രിമാരുടെ ചെയ്തികളെ അപലപിക്കുന്നു

B)ദേവാലയത്തിൽ നിന്നും വിൽക്കുന്നവരെ പുറത്താക്കുന്നു

C)യേശു സക്കായിയുമായി കണ്ടുമുട്ടുന്നു

D)തങ്ങളിൽ വലിയവൻ ആരെന്നു ശിഷ്യന്മാരുടെ ഇടയിൽ തർക്കം ഉണ്ടാകുന്നു

E)യേശുവും ശിഷ്യന്മാരും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആഘോഷിക്കുന്നു

F)യേശു ഒരു കുരുടന് കാഴ്ച നൽകുന്നു

G)ദരിദ്രയായ ഒരു വിധവ ഭണ്ടാരത്തിൽ രണ്ടു കാശ് ഇടുന്നതു യേശു ശ്രദ്ധിക്കുന്നു

56) "അത് നിങ്ങൾക്ക് സാക്ഷ്യം പറവാൻ തരമാകും" ഏതു?

57) പെസഹാ ആചരിക്കുന്നതിനിടയിൽ, യേശു ശിഷ്യന്മാരെ പല കാര്യങ്ങളിലൂടെ ഉൽബോധനം ചെയ്യുന്നുണ്ട്. അതിൽ ചിലതു പത്രോസിനോട് മാത്രമായിട്ടാണ് ചെയ്യുന്നത്. ഏതൊക്കെയാണത്?

58) പീലാത്തോസിൻറെ  സന്നിധിയിൽ വച്ച് യേശുവിനു എതിരെ നടത്തിയ ആരോപണങ്ങൾ ഏതൊക്കെ?

59) യേശുവിൻറെ വിചാരണാ ദിവസങ്ങളിലൊന്നിൽ രണ്ടു ശത്രുക്കൾ മിത്രങ്ങളായി തീർന്നു. ആരൊക്കെ?

60) എന്ത് ശിക്ഷ  യേശുവിനു കൊടുക്കണമെന്നാണ് പീലാത്തോസ് പറഞ്ഞത്?

61) കുരിശിൽ കിടന്നു യേശു പറഞ്ഞ മൊഴികൾ എന്തൊക്കെ?

62) യേശുവിൻറെ ഭൗമ ശരീരത്തിലുള്ള അവസാന നാളുകളിൽ ഒരു പ്രധാന ഭാഗമായ മന്ത്രി ആര്?

63)യരുശലേമിൽ നിന്ന് എമ്മ വുസിലേക്കുള്ള    ദൂരമെന്തു?

64)ഏതു സംഭവുമായിട്ടാണ് ക്ലെയോപ്പാവിന് ബന്ധം?

65)ഏതു സ്ഥലത്തു വച്ചാണ് യേശു ശിഷ്യന്മാരെ വിട്ടു പിരിഞ്ഞു സ്വർഗാരോഹണം ചെയ്തത്?

66)ലൂക്കോസിന്റെ സുവിശേഷ പ്രകാരം യേശുവിനെ ആളുകൾ (സ്വയമായും) അഭിസംബോധന ചെയ്തത് എങ്ങനെയൊക്കെ?

67)പ്രാർത്ഥിക്കണം എന്ന് യേശു അരുളിച്ചെയ്തതു ഏതൊക്കെ അവസരങ്ങളിലാണ്? (റഫറൻസ്/സൂചന മാത്രം)

68)ചേരും പടി ചേർക്കുക

| A | B |
| --- | --- |
| സരപ്ത | ശിമോന്റെ അമ്മായിഅമ്മ |
| സുറിയാ | വിധവ |
| കഫർന്നഹൂം | നയമാൻ |
| നയീൻ | സക്കായി |
| യെരീഹോ | വിധവയുടെ ഒറ്റ മകൻ |

xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx